(ബി) ഉണ്ടെങ്കിൽ മലബാർ മേഖലയിൽ പുതിയ ടി. ടി. സി. കേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) മലബാർ മേഖലയിൽ കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ സർക്കാർ വക ഓരോ ട്രെയിനിംഗ് സ്കൂൾ പുതുതായി ആരംഭിക്കുവാൻ 30-6-1986-ൽ ഉത്തരവായിട്ടുണ്ട്.

യൂണിവേഴ്സിറ്റി നിയമങ്ങൾ ഏകീകരിക്കാൻ നടപടി

* 263 [402] ശ്രീ. എം. വി. മാണി:
,, പി. സി. ജോർജ്ജ്:
,, ടി. എസ്. ജോൺ:
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

കേരളാ, ഗാന്ധിജി, കാലിക്കറ്റ് സർവ്വകലാശാലകളെ ഒരേ നിയമത്തിൻ കീഴിൽ കൊണ്ടുവരാനുള്ള നടപടികളും സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

നടപടികളും സ്വീകരിച്ചുവരികയാണ്.

പുതിയ ജലഗതാഗത മാർഗ്ഗം

* 264 [403] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർകോട് വരെ ജലഗതാഗത സൗകര്യത്തിനായി നിലവിലുള്ള തോടുകളുടെ വീതി കൂട്ടി ഒരു പുതിയ ജല ഗതാഗതമാർഗ്ഗം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവർത്തനം എന്നു മുതൽ തുടങ്ങി എന്നത്തേയ്ക്കവസാനിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) ഇക്കാര്യത്തിന് കേന്ദ്ര സഹായത്തിനു പുറമേ വിദേശ സഹായം ലഭ്യമാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) ഉണ്ട്. വടക്ക് മഞ്ചേശ്വരം മുതൽ തെക്ക് കൊല്ലം കോടുവരെയുള്ള ജലഗതാഗതമാർഗ്ഗം ഒരു ദേശീയ ജലപാതയായി പ്രഖ്യാപിക്കാനുള്ള ഒരു പദ്ധതി 1982-ൽ കേന്ദ്ര ഗവൺമെന്റിനു അയച്ചുവെങ്കിലും അതിൽ വെസ്റ്റ് കോസ്റ്റ് കനാലിനെ കൊല്ലം മുതൽ കൊച്ചി വരെയുള്ള ഭാഗം മാത്രം ദേശീയ ജലപാതയായി പ്രഖ്യാപിക്കാൻ നാഷണൽ ട്രാൻസ്പോർട്ട് പോളിസി കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളൂ. പ്രസ്തുത കാര്യം കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

(സി) വിദേശസഹായം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly